**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 349** **18-07-2022 - ൽ മറുപടിയ്ക്ക്**

**കേരള റബ്ബർ ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ ഐ ബി സതീഷ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഏറ്റവും കൂടുതൽ റബ്ബർ ഉല്പാദിപ്പിക്കുന്ന സംസ്ഥാനമായിട്ടും വൻകിട കുത്തക കമ്പനികൾ സംസ്ഥാനത്തിന് പുറത്ത് ഫാക്ടറികൾ സ്ഥാപിച്ചുകൊണ്ടും കേന്ദ്ര സർക്കാർ നയങ്ങളുടെ ആനുകൂല്യം വിനിയോഗിച്ച് ഇറക്കുമതിയിലൂടെയും കർഷകരെ ചൂഷണം ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ സിയാൽ മാതൃകയിൽ കേരള റബ്ബർ ലിമിറ്റഡ് സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) | • പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംയോജിത സൗകര്യം സജ്ജീകരിക്കുക എന്ന ഉദ്ദേശത്തോടെ 02/02/2019-ലെ G.O(Ms)No.16/2019/ID പ്രകാരം കേരള റബ്ബർ ലിമിറ്റഡ് (KRL) സ്ഥാപിക്കുന്നതിന് കേരള സർക്കാർ അനുമതി നൽകി. കേരളത്തിൽ ഉൽപ്പാദിപ്പിക്കുകയും അതുവഴി റബ്ബർ കർഷകർക്ക് സുസ്ഥിരവും മെച്ചപ്പെട്ട വിലയും ഉറപ്പാക്കി കൊണ്ട് ആഭ്യന്തര റബ്ബർ വിപണി ശക്തിപ്പെടുത്തുക എന്നതാണ കെ.ആർ.എൽ ന്റെ പ്രധാനലക്ഷ്യം.<br>• 2022 മേയ് 09 ന കെ.ആർ.എൽ ന്റെ കല്ലിടൽ ചടങ്ങ് നടന്നു.<br>• DPR ന്റെ പരിഷ്കരണം റബ്ബർ ബോർഡ് ഓഫ് ഇന്ത്യയെ കെ.ആർ.എൽ ഏൽപ്പിച്ചു. 2022 ജൂലൈ 4-ാം തീയതി റബ്ബർ ബോർഡ് KIIFB കൺസൾട്ടൻസി സർവ്വീസസ് യൂണിറ്റിന്റെ (KCSU) സഹകരണത്തോടെ ആവശ്യമായ ഭേദഗതികളോടുകൂടി പുതുക്കിയ DPR സമർപ്പിച്ചു.<br>• KRL-ന് വേണ്ടി കോട്ടയത്ത് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് നിലനിന്നിരുന്ന സ്ഥലത്ത് നീക്കിവെച്ച ഭൂമിയുടെ അടിസ്ഥാന സൗകര്യ വികസന റിപ്പോർട്ട് തയ്യാറാക്കാൻ കിഫ്ബി കൺസർട്ടൽസി സർവ്വീസസ് യൂണിറ്റിനെ (KCSU) ചുമതലപ്പെടുത്തിയിരിക്കുന്നു. ലാൻഡ് ക്ലിയറൻസും ടോപ്പോഗ്രാഫിക്കൽ സർവേയും പൂർത്തിയായി. സോയിൽ ഇൻവെസ്റ്റിഗേഷൻ പുരോഗതിയിലാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കമ്പനിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) | 1. കേരളത്തിലെ റബ്ബർ അധിഷ്ഠിത മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ വർധിപ്പിക്കുന്നതിനുള്ള ഒരു പ്രൊമോഷണൽ ഏജൻസിയായി പ്രവർത്തിക്കുക.<br>2. സംസ്ഥാനത്തെ എല്ലാ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കും സേവനങ്ങൾ നൽകുന്ന ഒരു മാതൃ സംഘടനയായി പ്രവർത്തിക്കുക.<br>3. സംസ്ഥാന-ദേശീയ തലങ്ങളിൽ നിലവിലുള്ള റബ്ബർ വ്യവസായ പ്രോത്സാഹന ഏജൻസികളും സംരംഭകരും തമ്മിലുള്ള ഒരു കണ്ണിയായി പ്രവർത്തിക്കുക.<br>4. അനുബന്ധ വ്യവസായങ്ങൾ ഉൾപ്പെടെ നിക്ഷേപകർക്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കോട്ടയം ജില്ലയിലെ വെള്ളൂരിൽ അനുവദിച്ച ഭൂമിയുടെ ഒരു ഭാഗത്ത് റബ്ബർ വ്യവസായ പാർക്ക് സ്ഥാപിക്കുക.<br>5. റബ്ബർ ഉത്പാദക സംഘങ്ങൾ (ആർ.പി.എസ്) മുഖേനയും, റബ്ബറിന്റെ സംഭരണം, സംസ്കരണം, സംയോജനം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾ മുഖേനയും റബ്ബർ ഉത്പാദകരുമായി ബന്ധം സ്ഥാപിക്കുക. |
| (സി) | കൂടുതൽ കാർഷികോല്പന്നാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ പരിപാടിയുണ്ടോ; വ്യക്തമാക്കുമോ? | (സി) | സ്പെഷ്യാലിറ്റി റബ്ബറുകളുടെ പ്രാഥമിക സംസ്കരണം ഉൾപ്പെടുന്ന എൻ.ആർ അധിഷ്ഠിത വ്യവസായങ്ങൾക്കായി ഒരു ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനൊപ്പം എം.എസ്.എം.ഇ മേഖലയുടെ പ്രോത്സാഹനത്തിലും പ്രാരംഭ ശ്രദ്ധ കേന്ദ്രീകരിക്കും.<br><br>സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി നിരവധി പ്രോത്സാഹന പ്രവർത്തനങ്ങളും സാമ്പത്തിക സഹായ പദ്ധതികളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്. ഇത്തരം പദ്ധതികളിലൂടെ കാർഷികോല്പന്നാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്ന സുപ്രധാന സാമ്പത്തിക സഹായം പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ (ESS) കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് വഴി |

| | | | |
|---|---|---|---|
| | | | ടി മേഖലയിലെ സംരംഭങ്ങൾക്ക് 1 % അധിക സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുന്നു.<br><br>സൂക്ഷ്മ വിഭാഗത്തിൽ പെടുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രാധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ്ങ് എന്റർപ്രൈസ് (PMFME) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. യോഗ്യതയുള്ള പ്രോജക്റ്റിന്റെ സ്ഥിര മൂലധനത്തിന്മേൽ 35 % പരമാവധി പരിധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് സഹായം ലഭിക്കുന്നത്.<br><br>കൂടാതെ കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്കരണ ഉല്പ്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കാനായി സംസ്ഥാനതലത്തിൽ അഗ്രോ ഫുഡ്പ്രോ എക്സിബിഷൻ എല്ലാ വർഷവും നടത്തി വരുന്നുണ്ട്.<br><br>കോഴിക്കോട് ജില്ലയിൽ കുറ്റ്യാടിയിൽ, 115.13 ഏക്കർ സ്ഥലത്ത് ഒരു കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് വികസിപ്പിക്കുവാനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി സ്വീകരിച്ചു വരുന്നു. ഇത് കേരളത്തിലെ പ്രധാന കാർഷികോൽപ്പന്നങ്ങളിലൊന്നായ തേങ്ങയുടെ മൂല്യവർദ്ധിത വ്യവസായങ്ങൾ തുടങ്ങുവാനും, പരിപോഷിപ്പിക്കുവാനും സാധിക്കുന്ന രീതിയിലായിരിക്കും നിർമ്മിക്കുക. |

സെക്ഷൻ ഓഫീസർ